"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ല - കുന്ദമംഗലം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. അബ്ദുന്നാസർ ടി.ക്കെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

**സ.ഉ.(സാധാ) നം.16/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/01/2020**

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 13.09.2018-ലെ ഇ14(പി.ഇ.110/17/കെ.കെ.ഡി.) 38239/17നമ്പർ കത്ത്

2 സർക്കാരിന്റെ 22.11.2018-ലെ ഇപിബി3/236/2018/തസ്വഭവ നമ്പർ കുറ്റപത്രം

3 ശ്രീ. അബ്ദുന്നാസർ ടി. സമർപ്പിച്ച 17.01.2019-ലെ പ്രതിവാദ പത്രിക

4 പഞ്ചായത്ത് ഡയറക്ടറുടെ 27.09.2019-ലെ PAN/26688/2018-D1(DP) നമ്പർ കത്ത്

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ പിലാശ്ശേരി റോഡ് സൈഡിൽ പുളശ്ശേരി വയലിൽ അനധികൃതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾക്ക് കുന്നമംഗലം ഗ്രാമപഞ്ചായത്ത് അധികൃതർ നിയമവിരുദ്ധമായി ലൈസൻസ് പുതുക്കി നൽകുന്നതായി ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ മുൻനിർത്തി പ്രസ്തുത വീഴ്ചകൾക്കുത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. അബ്ദുൾ നാസറിന് പരാമർശം (2) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

ശ്രീ. സി.പി. ഉമൈബാനു എന്നവർ 18.02.2015- തീയതിയിൽ കുന്ദമംഗലം വില്ലേജിൽ റീ.സർവ്വേ നമ്പർ 414/1-ൽ ഉള്ള 13.55 സെന്റ് സ്ഥലത്ത് അപ്പാർട്ട്മെന്റ് ഹൗസ് പണിയുന്നതിന് അപേക്ഷ സമർപ്പിക്കുകയുണ്ടായി. തുടർന്ന് വില്ലേജ് ഓഫീസർ ശ്രീ. ഷാജഹാൻ അനുവദിച്ച കൈവശാവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ ബാങ്ക് പരിശോധിക്കാതെ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം പെർമിറ്റ് അനുവദിക്കുകയും പെർമിറ്റ് അനുവദിക്കാനുണ്ടായ സാഹചര്യത്തെപ്പറ്റി യാതൊന്നും ഫയലിൽ രേഖപ്പെടുത്താതെയുമാണ് പെർമിറ്റ് അനുവദിച്ചിരിക്കുന്നതെന്നും കണ്ടെത്തുകയുണ്ടായി.

പെർമിറ്റ് അനുവദിക്കാനിടയായ സാഹചര്യം സംബന്ധിച്ച് ഫയലിൽ കൃത്യമായ കുറിപ്പുകളില്ലാതെ പെർമിറ്റ് അനുവദിച്ചതിലും കൃഷി ഓഫീസറെ കൊണ്ടോ നഞ്ച കമ്മിറ്റിയെ കൊണ്ടോ സ്ഥലപരിശോധന നടത്തി ഡാറ്റാ ബാങ്കിൽ ഉൾപ്പെടുന്ന സ്ഥലത്തിന്റെ ഗ്രൗണ്ട് റിയാലിറ്റിയും തരവും തിരിച്ചറിയാൻ ശ്രമിക്കാതെ പെർമിറ്റ് അനുവദിച്ച കുന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. അബ്ദുൾ നാസറിന്റെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായും കണ്ടെത്തിയിട്ടുണ്ട്.

കുറ്റപത്രത്തിന് ശ്രീ. അബ്ദുന്നാസർ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. അബ്ദുൾ നാസറിന് കഠിനശിക്ഷയുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതിനാൽ ടിയാനെതിരായ അച്ചടക്ക നടപടിയിന്മേൽ ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം കുന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. അബ്ദുൾ നാസറിനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**രമണി മാത്യൂ**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
2. ശ്രീ. അബ്ദുന്നാസർ ടി., മുൻ സെക്രട്ടറി, കുന്ദമംഗലം ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, കുന്ദമംഗലം ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/236/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ